(1)	(2)
12 തിരുവനന്തപുരം	ജില്ലാ ലാബ് -1
	സബ് ഡിവിഷണൽ ലാബ്
13 തൃശ്ശൂർ	ജില്ലാ ലാബ് -1
	സബ് ഡിവിഷണൽ ലാബ് - 3
14 വയനാട്	ജില്ലാ ലാബ് -1
	സബ് ഡിവിഷണൽ ലാബ് - 4

(സി) ജലഗുണനിലവാരം ഉയർത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരണ ശാലകളിൽ ശുദ്ധീകരിച്ചും ഇൻഫിൽട്രേഷൻ ഗ്യാലറിയിൽ നിന്ന് ലഭ്യമാകുന്ന വെള്ളം ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ മുതായവ ഉപയോഗിച്ച് അണുവിമുക്തമാക്കിയിട്ടുമാണ് വിതരണം ചെയ്യുന്നത്. ഇതിനുപുറമേ കേരള വാട്ടർ അതോറിറ്റിയുടെ ജലഗുണനിലവാര പരിശോധന ലാബുകളിൽ ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ ഗുണനിലവാര പരിശോധന നടത്താറുണ്ട്. ആയതിന്റെ റിപ്പോർട്ട് ജലവിതരണവുമായി ബന്ധപ്പെട്ടവർക്ക് വേണ്ട നടപടികൾക്കായി ലഭ്യമാക്കുന്നുണ്ട്. ജലവിഭവ വകുപ്പിന്റെ കീഴിലുള്ള സി.സി.ഡി.യു ഫീൽഡ് ടെസ്റ്റ് കിറ്റും കോളിഫോം പരിശോധിക്കുന്നതിനായി H2S strip-ഉം ഉപയോഗിച്ച് പരിശീലന പരിപാടികൾ നടത്തിവരുന്നു. സി.സി.ഡി.യു.വിന്റെ നേതൃത്വത്തിൽ സ്കൂൾ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, സന്നദ്ധ ആരോഗ്യ പ്രവർത്തകർ എന്നിവർക്ക് ജലഗുണനിലവാരം പരിശോധിക്കുന്നതിനുള്ള പരിശീലനം നൽകി വരുന്നു.

ചുനക്കര സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ കുടിവെള്ള ടാങ്ക്

173 (2453) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ചുനക്കര സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുള്ള കുടിവെള്ള ടാങ്ക് ശോചനീയവും അപകടകരവുമായമായ അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ടാങ്കിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ടാങ്ക് മാറ്റി പുതിയ ടാങ്ക് സ്ഥാപിക്കുന്നതിനാവശ്യമായ തുക അനുവദിക്കുമോയെന്ന് വിശദമാക്കുമോ;

(ഡി) പുതിയ കുടിവെള്ള ടാങ്ക് നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ടാങ്കിന് ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

(സി&ഡി) നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ചുനക്കര, പാലമേൽ പദ്ധതിയുടെ അടുത്ത ഘട്ടമായി പുതിയ ടാങ്ക് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതിനുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല.

ആലപ്പുഴ കുടിവെള്ള പദ്ധതി

174 (2454) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കുടിവെള്ള പദ്ധതി എന്നാണ് പ്രവർത്തനം ആരംഭിച്ചത്; എന്നത്തേയ്ക്ക് പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി പൂർത്തീകരിക്കാനുണ്ടായ കാലതാമസത്തിനു കാരണം വിശദമാക്കാമോ;

(സി) പദ്ധതിയോടനുബന്ധിച്ച് പൂർത്തിയായതും പൂർത്തീകരിക്കേണ്ടതുമായ പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

ഉത്തരം

(എ) ആലപ്പുഴ കുടിവെള്ള പദ്ധതി 2009-ൽ ആണ് പ്രവർത്തനം ആരംഭിച്ചത്. 2013-ൽ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും നിലവിലുള്ള തടസ്സങ്ങൾ നീങ്ങിക്കിട്ടിയാൽ 31-3-2016-ൽ ഭാഗികമായി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) റെയിൽവേയുടെയും പൊതുമരാമത്ത് വകുപ്പിന്റെയും അനുമതി ലഭിക്കാനുണ്ടായ താമസവും നിലവിലെ കേസ്സുകൾ തീർപ്പാക്കാനുണ്ടായ താമസവും കാരണം പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.

(സി) പൂർത്തിയായതും പൂർത്തീകരിക്കേണ്ടതുമായ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly